മണലൂർ തൈക്കാട് കേന്ദ്രമാക്കി ആയൂർവേദ ആശുപത്രി

64 (1791) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി ആയൂർവേദ ആശുപത്രികൾ അനുവദിക്കാൻ ഉദ്ദേശ്യം ഉണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) മണലൂർ നിയോജകമണ്ഡലത്തിലെ തൈക്കാട് കേന്ദ്രമാക്കി ഒരു ആയൂർവേദ ആശുപത്രി അനുവദിക്കാൻ നടപടി സ്വീകരിക്കുമോ യെന്നറിയിക്കുമോ ?

ഉത്തരം

(എ & ബി) ആശുപത്രികളുടെ ആവശ്യകതയും ഫണ്ട് ലഭ്യതയും കണക്കിലെടുത്ത് ഇക്കാര്യം പരിശോധിക്കുന്നതാണ്.

ഒറ്റമൂലി ചികിത്സ

65 (1792) ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റമൂലി ചികിത്സയെപ്പറ്റി പഠനം നടത്തുന്നുണ്ടോ ; എങ്കിൽ സമൂഹത്തിന് പ്രയോജനകരമായ രീതിയിൽ പ്രസ്തുത ചികിത്സ ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) സംസ്ഥാനത്ത് ഔഷധസസ്യങ്ങളുടെ ലഭ്യത കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) ആരോഗ്യവകുപ്പിന്റെകീഴിൽ വരുന്ന വകുപ്പിലൊന്നുംതന്നെ പ്രസ്തുത ചികിത്സയെ സംബന്ധിച്ച പഠനമൊന്നും നടത്തുന്നില്ല.

(ബി) ഔഷധസസ്യങ്ങളുടെ ലഭ്യത കുറയുന്നതുകൊണ്ട് ആയൂർവേദ മരുന്ന് നിർമ്മാണത്തിന് ബുദ്ധിമുട്ടുണ്ട്. എന്നാൽ, ഈ പ്രശ്നം പരിഹരിക്കുന്ന തിനുവേണ്ടി സംസ്ഥാന ഔഷധസസ്യ ബോർഡ് ദേശീയ ഔഷധസസ്യ ബോർഡിന്റെ ധനസഹായത്തോടുകൂടി വിവിധ പദ്ധതികളും പരിപാടികളും നട പ്പിലാക്കിവരുന്നു.

കൊല്ലം ജില്ലാ ആയൂർവേദ ആശുപത്രിയിലെ പഞ്ചകർമ്മ ചികിത്സ

66 (1793) ശ്രീ. ബി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലാ ആയൂർവേദ ആശുപത്രിയിൽ നഴ്സിംഗ് അസിസ്റ്റന്റുമാരാണ് പഞ്ചകർമ്മ ചികിത്സ/തടവ്, തിരുമ്മ് ചികിത്സ നടത്തുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത്തരക്കാർക്ക് നിലവിൽ എന്തെങ്കിലും ഇൻസർവ്വീസ് കോഴ്സ് കൊടുത്തിട്ടാണോ ഇത്തരം ചികിത്സ നടത്തുന്നത് എന്ന് വ്യക്തമാക്കുമോ ; മാസിയർ ആന്റ് പഞ്ചകർമ്മാ അസിസ്റ്റന്റ് കോഴ്സ് പാസ്സായവരെകൊണ്ട് ചികിത്സ നടത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) നിലവിൽ ഇത്തരം ചികിത്സ നടത്തിക്കൊണ്ടിരിക്കുന്നവർക്ക് സമാനമായ ഇൻസർവ്വീസ് കോഴ്സ് കൊടുക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കൊല്ലം ജില്ലാ ആയൂർവേദ ആശുപത്രിയിൽ നേഴ്സും തെറാപ്പിസ്റ്റുമാണ് പഞ്ചകർമ്മ ചികിത്സാ/തടവ്/തിരുമ്മൽ ചികിത്സ നടത്തുന്നത്. നേഴ്സിംഗ് അസിസ്റ്റന്റുമാർ നേഴ്സിനേയും തെറാപ്പിസ്റ്റിനേയും സഹായിക്കുക മാത്രമാണ് ചെയ്യുന്നത്.

(ബി) ഐ.എം.ജി. മുഖേനയും ഡിപ്പാർട്ടുമെന്റ് ഫണ്ട് ഉപയോഗിച്ചും നിലവിലുള്ള ജോലി മെച്ചപ്പെടുത്തുന്നതിന് ട്രെയിനിംഗ് നൽകാറുണ്ട്. തെറാപ്പിസ്റ്റുകാരെ നിയമിച്ചുകൊണ്ടുതന്നെയാണ് ചികിത്സ നടത്തിവരുന്നത്.

(സി) ഡിപ്പാർട്ട്മെന്റ് മുഖേനയും ഐ.എം.ജി. മുഖേനയും ഇൻസർവ്വീസ് കോഴ്സ് നടത്തിവരുന്നു.

ഉടുമ്പൻചോല നിയോജകമണ്ഡലത്തിലെ ആയുർവേദാശുപത്രികൾ

67 (1794) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരമേറ്റശേഷം ഉടുമ്പൻചോല നിയോജകമണ്ഡലത്തിൽ പുതിയതായി എത്ര ആയൂർവേദ ആശുപത്രികൾ അനുവദിച്ചു ; പഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരമേറ്റശേഷം ഉടുമ്പൻചോല നിയോജകമണ്ഡലത്തിൽ എൻ.ആർ.എച്ച്.എം. ഫണ്ടുപയോഗിച്ച് ഒരു ആയൂർവേദ ഡിസ്പെൻസറി അനുവദിച്ചിട്ടുണ്ട്.

നാച്ചുറോപ്പതി ആന്റ് യോഗ കോഴ്സിന്റെ അംഗീകാരം

68 (1795) ശ്രീ. പള്ളിപ്രം ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാച്ചുറോപ്പതി ആന്റ് യോഗ വിഭാഗം ചികിത്സ നടത്തുന്നതിന് ദേശീയതലത്തിൽ അംഗീകരിച്ച മെഡിക്കൽ കോഴ്സ് ഏതാണെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് ഇതിൽനിന്നും വ്യത്യസ്തമായി കോഴ്സുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly